## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*272 — 22.02.2016 ൽ മറുപടിയ്ക്ക്

# റബ്ബർ കൃഷി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എം. ഷാജി :<br>ശ്രീ. പി.ബി. അബ്ദുൾ റസാക്ക് :<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :<br>ശ്രീ. സി. മോയിൻകുട്ടി : | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ മന്ത്രി) |
| (എ) റബ്ബറിനെ സമ്പൂർണ്ണ കാർഷിക വിളയായി പരിഗണിക്കണമെന്ന പാർലമെന്ററി സമിതിയുടെ ശിപാർശ, സംസ്ഥാനത്തിന്റെ കാർഷിക മേഖലയ്ക്ക് എത്രത്തോളം ഗുണകരമാവുമെന്ന പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) കൃഷി വകുപ്പ് ഇക്കാര്യത്തെപ്പറ്റി പഠനം നടത്തിയിട്ടില്ല. |
| (ബി) റബ്ബർ കൃഷിയിടങ്ങളിലെ ഇടവിളകൾ സംബന്ധിച്ച സാധ്യതകൾ കൃഷി വകുപ്പ് പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ ? | (ബി) റബ്ബർ കൃഷിയുടെ പ്രാരംഭ ഘട്ടങ്ങളായ ആദ്യ മൂന്ന് വർഷങ്ങളിൽ വാഴ, പൈനാപ്പിൾ, പച്ചക്കറി, ഔഷധ സസ്യങ്ങൾ എന്നിവ ഇടവിളയായി കൃഷി ചെയ്യുവാൻ ശുപാർശ ചെയ്യുന്നുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ സൂര്യപ്രകാശത്തിന്റെ ലഭ്യത കുറയുന്നതിനാൽ ഇടവിള കൃഷി പ്രായോഗികമല്ല. പൈനാപ്പിൾ, വാഴ, ഔഷധ സസ്യങ്ങൾ എന്നിവയ്ക്ക് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, ഔഷധ സസ്യ ബോർഡ് എന്നിവ മുഖാന്തിരവും പച്ചക്കറി കൃഷിക്ക് കൃഷി വകുപ്പ് മുഖേനയും സഹായം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ